**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3052** **25-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡിൽ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡിൽ പാണക്കാട് തങ്ങൾ പടിമുതൽ- മറ്റത്തൂർ ജംഗ്ഷൻ വരെ റോഡ് വീതികൂട്ടുന്നതിന് സ്ഥലമെടുപ്പിനായി 2 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം അലൈൻമെന്റ് പ്ലാൻ പ്രപ്പോസൽ, അനുബന്ധ രേഖകൾസഹിതം അംഗീകാരത്തിനും നോട്ടിഫിക്കേഷൻ 6(1) 4(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. ഇതിലേക്കായി 60 ലക്ഷം രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും മലപ്പുറം എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. പാണക്കാട് ടൗൺ വികസനവുമായി ബന്ധപ്പെട്ട് പാണക്കാട് വില്ലേജിലെ വിവിധ സർവ്വേ നമ്പറിൽ നിന്നും 0.1042 ഹെക്ടർ ഭൂമി 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ സമർപ്പിട്ടുണ്ട് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 0.196 ഹെക്ടർ ഭൂമി ഡയറക്ട്/നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് തിരുവനന്തപുരം സെന്റർഫോർ മനേജ്മെന്റ് ഡവലപ്പ്മെന്റിനെ നിയോഗിച്ചുകൊണ്ട് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | റോഡ് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുവാൻ പ്രദേശവാസികൾ തയ്യാറായിട്ടും സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും ഇതിനായി തുക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ബി) | ഭൂമി നൽനുന്നതിന് പ്രദേശ വാസികൾ തയ്യാറാണെങ്കിലും അവർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ നിന്ന് പൂർത്തീകരിക്കേണ്ടതായുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം കൈമാറുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | അപകടങ്ങൾ പതിവായിട്ടുള്ള സാഹചര്യത്തിൽ | (സി) | ഭൂമി നൽനുന്നതിന് പ്രദേശ വാസികൾ |

| | | | |
|---|---|---|---|
| | റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | തയ്യാറാണെങ്കിലും അവർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ നിന്ന് പൂർത്തീകരിക്കേണ്ടതായുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം കൈമാറുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ